**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4059** **03-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അങ്കണവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിലും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | (എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഇല്ല. സ്വന്തമായി സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | വികസന പ്രവർത്തനങ്ങൾക്കായി തനത് വരുമാനം കണ്ടെത്തുവാൻ പഞ്ചായത്തുകൾ വിഷമിക്കുന്ന സാഹചര്യം കണക്കിലെടുത്ത് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നോ പ്രത്യേക വികസന നിധിയിൽ നിന്നോ തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമുള്ള അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | (ബി) സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി LSGD വിഹിതം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ എം.എൽ.എ ഫണ്ടും പ്ലാൻ ഫണ്ടും ചേർത്ത് വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതിക്കായി അപേക്ഷ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| (സി) | ഇതു സംബന്ധിച്ച് എം.എൽ.എ. 20.08.2022-ന് ബഹു. മന്ത്രിക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; വനിത ശിശുവികസന ഡയറക്ടർ ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (സി) | (സി) ഇതു സംബന്ധിച്ച് എം.എൽ.എ 20.08.2022 ന് ബഹു. മന്ത്രിയ്ക്ക് നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുള്ള പള്ളിപ്പുറം, കടമക്കുടി, കുഴുപ്പിള്ളി, ഞാറയ്ക്കൽ, നായരമ്പലം ഗ്രാമ പഞ്ചായത്തുകളിലെ അങ്കണവാടികളുടെ സ്ഥലം സംബന്ധിച്ച വിവരങ്ങൾ വനിതാ ശിശു വികസന കാര്യാലയത്തിൽ ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നം | ഐസിഡിഎസ് പ്രോജക്റ്റ് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം. |
|---|---|---|---|
| 1 | വൈപ്പിൻ | പള്ളിപ്പുറം | 1, 21, 34 |
| 2 | വൈപ്പിൻ | എടവനക്കാട് | 60, 66, 72, 81 |
| 3 | വൈപ്പിൻ | നായരമ്പലം | 87, 88, 89, 90, 98 |
| 4 | വൈപ്പിൻ | ഞാറയ്ക്കൽ | 118 |
| 5 | ഇടപ്പള്ളി | കടമക്കുടി | 4, 16, 19 |

Sd/-

സെക്ഷൻ ഓഫീസർ